"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം-ശ്രീ.ഷൈൻ.റ്റി, ക്ലർക്ക് -നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.232/2025/LSGD തീയതി,തിരുവനന്തപുരം, 23-01-2025

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 17.12.2024 തിയതിയിലെ 6730/2024/H1/LSGD/JD/TVM നമ്പർ ഉത്തരവ്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.01.2025 തിയതിയിലെ LSGD/PD/35816/2024-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ 09.06.2017 തീയതിയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ഷൈൻ.റ്റി. ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിയ്ക്കുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 03.05.2024 തീയതിയിൽ പാസ്സായിട്ടുള്ളതാണ് എന്നതിനാൽ പരീക്ഷ പാസ്സായ തീയതിക്ക് അനുസൃതമായി ടിയാളുടെ നിരീക്ഷണ കാലയളവ് കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. 09.06.2017തീയതിയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ഷൈൻ.റ്റി. ടി തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയായതിന്റെ തൊട്ടടുത്തദിവസം മുതൽ ഒരു വർഷത്തേക്ക്,22.06.2020വരെ ടിയാളുടെ നിരീക്ഷണകാലം പരാമർശം 1 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ 09.06.2017 ൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ഷൈൻ.റ്റി. 03.05.2024ൽ നടന്ന പരീക്ഷയിലാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ പാസ്സായത് എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 04.05.2024 പൂർവ്വാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ, നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത

ദിവസമായ 23.06.2020 മുതൽ 05.05.2024 വരെ, KS&SSRs, Part II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ഷൈൻ.റ്റി., ക്ലർക്ക്, മംഗലപുരം ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, മംഗലപുരം ഗ്രാമപഞ്ചായത്ത് ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 23-01-2025 13:15:07
സെക്ഷൻ ഓഫീസർ